LIBRARY ARCHIVES Kerala Legislative Assembly

കാരുണ്യ ചികിത്സാ സഹായം

143 (3297) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യ ബെനവലന്റ് സ്കീം അനുസരിച്ചുള്ള ചികിത്സാ സഹായം ലഭിക്കുന്നതിന്, അടിയന്തര ശസ്ത്രക്രിയയ്ക്കും ചികിത്സയ്ക്കും ശേഷം, വൈകി ലഭിച്ച അപേക്ഷകളിൽ അനുകൂലമായ തീരുമാനം കൈക്കൊള്ളുവാൻ നടപടി എടുക്കുമോ?

ഉത്തരം

അടിയന്തര ഘട്ടങ്ങളിൽ അപേക്ഷ നൽകുന്നതിനുമുമ്പ് സർക്കാർ ആശുപത്രികളിൽ സർജറിക്ക് വിധേയരാകേണ്ടി വരുന്ന ഗുണഭോക്താക്കൾ സർജറി കഴിഞ്ഞ് 72 മണിക്കൂറിനുള്ളിൽ ബന്ധപ്പെട്ട ജില്ലാ ഭാഗ്യക്കുറി ഓഫീസർക്ക് അപേക്ഷ സമർപ്പിച്ചാലും ധനസഹായത്തിനായി പരിഗണിക്കുന്നതാണ്. അടിയന്തര ശസ്ത്രക്രിയയ്ക്കും ചികിത്സയ്ക്കും ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അടുത്ത സംസ്ഥാനതല കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റർക്ക് നൽകുന്നു. അഡ്മിനിസ്ട്രേറ്റർ അപേക്ഷയുടെ പ്രാഥമിക പരിശോധന നടത്തിയതിനുശേഷം അപേക്ഷകൾ ഡോക്ടർമാർ ഉൾപ്പെട്ട ഒരു സബ് കമ്മിറ്റിയെക്കൊണ്ട് പരിശോധിപ്പിച്ച് സംസ്ഥാനതല കമ്മിറ്റിക്ക് സമർപ്പിക്കുന്നു. ഡോക്ടർമാരുടെ ശിപാർശയിന്മേൽ ഉചിതമായ തീരുമാനം സംസ്ഥാനതല കമ്മിറ്റി കൈക്കൊള്ളുന്നു.

മദ്യനയം മൂലമുള്ള വരുമാന നഷ്ടം

144 (3298) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ പുതിയ മദ്യനയത്തിന്റെ പരിണിതഫലമായി ഖജനാവിലേക്ക് ലഭിക്കേണ്ടിയിരുന്ന എത്ര രൂപയാണ് നാളിതുവരെ നഷ്ടമായിട്ടുള്ളത്; എത്ര ശതമാനം;

(ബി) ഈ വരുമാന നഷ്ടം നികത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തു പ്രവർത്തിച്ചുകൊണ്ടിരുന്ന 710 ബാറുകൾ (എഫ്.എൽ. 3 ഷോപ്പുകൾ) നിർത്തലാക്കിയതുമൂലം ലൈസൻസ് ഫീസിനത്തിൽ കിട്ടേണ്ട തുകയിൽ കുറവ് വന്നിട്ടുണ്ട്. ക്രമാതീതമായ മദ്യ ഉപഭോഗത്തിൽ കുറവുവന്നിട്ടുള്ളതിനാൽ ഈ മേഖലയിൽ നിന്നും എക്സൈസ് ഡ്യൂട്ടി ഇനങ്ങളിൽ ലഭിക്കേണ്ട

വരുമാനത്തിൽ സാരമായ കുറവ് വരുവാൻ സാദ്ധ്യതയുണ്ട്. ഇതുസംബന്ധിച്ച വരുമാനനഷ്ടം പൂർണ്ണമായും കണക്കാക്കിയിട്ടില്ല. എന്നാൽ ബാറുകൾ അടച്ചതിനുശേഷം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വഴി 2015 മേയ് മാസം വരെ നടന്ന മദ്യ വിൽപ്പനയിൽ നിന്നുള്ള വരുമാനത്തിൽ കുറവുണ്ടായിട്ടില്ല. 2015-16-ലെ മാസ വിൽപ്പന 2014-15-മായി താരതമ്യം ചെയ്ത് ചുവടെ ചേർക്കുന്നു:

മാസം	2015-16	2014-15
ഏപ്രിൽ	992.90	880.81
മേയ്	1006.15	899.71
ആകെ	1999.05	1780.52

നടപ്പു സാമ്പത്തിക വർഷം നികുതി ഇനിയിൽ ലക്ഷ്യമിട്ടിരിക്കുന്നത് 2600.66 കോടി രൂപയാണ്. 2015 ജൂൺ വരെയുള്ള കാലയളവിൽ സമാഹരിക്കാനായത് 501.57 കോടി രൂപയാണ്.

സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന 710 എഫ്.എൽ-3 ലൈസൻസുള്ള ബാറുകൾ നിർത്തലാക്കിയതും 52 എഫ്.എൽ.1 വിദേശ മദ്യ ഔട്ട് ലെറ്റുകൾ നിർത്തലാക്കിയതും എക്സൈസ് നികുതി വരുമാനത്തിൽ കുറവ് വരുത്തിയിട്ടുണ്ട്. 710 എഫ്.എൽ.3 ലൈസൻസുകൾ നിർത്തലാക്കിയതുമൂലം ലൈസൻസ് ഫീസിനത്തിൽ മാത്രം എക്സൈസ് നികുതി വരുമാനത്തിൽ 163.30 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ഇതുകൂടാതെ വിൽപനയിനത്തിലും മറ്റും ടി ലൈസൻസികളിൽ നിന്നും ലഭിക്കുന്ന വരുമാനത്തിലും നഷ്ടം ഉണ്ടായിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശമദ്യ വിൽപ്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. നിലവിൽ മുൻവർഷങ്ങളിലെ വിദേശ മദ്യ വിൽപ്പനയുമായി താരതമ്യം ചെയ്യുമ്പോൾ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ആയതിനാൽ തന്നെ എക്സൈസ് വകുപ്പുവഴി സമാഹരിക്കാനുദ്ദേശിക്കുന്ന വരുമാനത്തിൽ കുറവ് പ്രതീക്ഷിക്കുന്നുണ്ട്.

(ബി) മദ്യത്തിന്റെ ഉപഭോഗം ഘട്ടംഘട്ടമായി കുറച്ചുകൊണ്ടു വരികയാണ് സർക്കാരിന്റെ പ്രഖ്യാപിത നിലപാട്. ആയതിനാൽ മദ്യ വിൽപനയിൽ വർദ്ധനവ് വരുത്തി വരുമാനത്തിന്റെ വളർച്ചാനിരക്ക് കൂട്ടുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടില്ല. എന്നാൽ മദ്യത്തിന്മേലുള്ള വിൽപന നികുതി, എക്സൈസ് ഡ്യൂട്ടി എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly